TB Movie Panel Weekly Review

**#MoviePanel**

പൂക്കാലം:

എഴുതിയത് : Lijo Rachel George

2016 ഇൽ ഇറങ്ങിയ 'ആനന്ദം' എന്ന ആദ്യ ചിത്രത്തിന് ശേഷം, ശ്രീ.ഗണേഷ് രാജ്, രചനയും സംവിധാനവും നിർവഹിച്ചിരിക്കുന്ന, ഒരു ഫീൽ ഗുഡ് ഫാമിലി മൂവിയാണ് 'പൂക്കാലം'.നാലു വർഷങ്ങൾ എടുത്താണ്, ശ്രീ.ഗണേഷ് രാജ്, ഈ ചിത്രത്തിന്റെ തിരക്കഥ രചന പൂർത്തിയാക്കിയിരിക്കുന്നത്. വെറും 37 ദിവസങ്ങൾ മാത്രമാണ് ചിത്രത്തിന്റെ ചിത്രീകരണത്തിന് വേണ്ടി വന്നത്.വിജയരാഘവൻ 100 വയസ്സ് പ്രായമുള്ള വൃദ്ധന്റെ വേഷത്തിൽ അഭിനയിക്കുന്നു എന്നതാണ് ഈ സിനിമയുടെ പ്രത്യേകത. വളരെ കുറച്ച് രംഗങ്ങളിൽ ആണെങ്കിലും, ജഗദീഷും സമാനമായ വേഷത്തിൽ ഈ ചിത്രത്തിൽ എത്തുന്നുണ്ട്. മൂന്നു ജോഡി ഇരട്ടകൾ, ഇരട്ടകളുടെ വേഷത്തിൽ എത്തുന്നവെന്നതാണ് സിനിമയുടെ മറ്റൊരു പ്രത്യേകത. നവ്യ, കാവ്യ, അമൽ രാജ്, കമൽ രാജ് എന്നിവർ പ്രധാന വേഷങ്ങളിലും എത്തുന്നു.

നൂറു വയസ്സ് പ്രായമുള്ള ഇട്ടൂപ്പിന്റെയും, അദ്ദേഹത്തിന്റെ ഭാര്യയും തൊണ്ണൂറു വയസ്സിനു മുകളിൽ പ്രായമുള്ള അമ്മയുമായ, കൊച്ചുത്രേസ്യയുടെയും കഥയാണ് പൂക്കാലം. വിജയരാഘവനും കെപിഎസി ലീലയുമാണ് ഇട്ടൂപ്പും കൊച്ചുത്രേസ്യയുമായി നമുക്ക് മുമ്പിൽ എത്തുന്നത്. ഒപ്പം അവരുടെ മക്കളും കൊച്ചു മക്കളും ഒക്കെ അടങ്ങിയ ഒരു ഇടത്തരം കൂട്ടുകുടുംബത്തിന്റെയും കൂടി കഥയാണ് ഈ സിനിമ. ആ കുടുംബത്തിന്റെസന്തോഷങ്ങളെയും സങ്കടങ്ങളെയും പ്രശ്നങ്ങളെയും അതിജീവനത്തെയും, ഒരു മനുഷ്യ ജീവിതത്തിന്റെ നാലു ഘട്ടങ്ങളിലായി വേർതിരിച്ചു കാണിക്കുന്ന രീതിയിലാണ് ഈ സിനിമയുടെ ആഖ്യാനം.

ജീവിതത്തിന്റെ സായാഹ്ന ദശയിലെത്തിയ ദമ്പതികളായി, വിജയരാഘവനും കെപിഎസി ലീലയും അതിഗംഭീരമായ ഒരു പകർന്നാട്ടമാണ് ഈ ചിത്രത്തിൽ കാഴ്ചവച്ചിരിക്കുന്നത്. ഈ സിനിമയിലെ അഭിനേതാക്കൾ എല്ലാവരും തന്നെ, അവരവരുടെ റോളുകളിൽ ജീവിക്കുകയായിരുന്നു എന്ന് പറയുന്നതാണ് കൂടുതൽ ശരി. ഓരോരുത്തരും അവരവരുടെ അഭിനയം മികച്ചതാക്കിയപ്പോൾ, പ്രേക്ഷകർക്കും അതിലെ കഥാപാത്രങ്ങങ്ങളുടെ ജീവിതത്തിലെ സമ്മിശ്ര വികാരങ്ങളോട് താദാത്മ്യം പ്രാപിക്കാൻ സാധിക്കുന്നുണ്ട്.

കുടുംബത്തിലെ എല്ലാവരും ഒത്തുകൂടിയപ്പോൾ, സംഭവിച്ച ഒരു ചെറിയ

കാര്യമാണ് ഈ സിനിമയുടെ പ്ലോട്ടിനെ മുൻപോട്ടു നയിക്കുന്നത്. പ്രേക്ഷകർക്ക് മനസ്സ് തുറന്നു ചിരിക്കാനുതകുന്ന ഒരുപാട് നർമ്മ മുഹൂർത്തങ്ങൾ കഥയിലൂടനീളം നമ്മൾക്ക് ലഭിക്കുന്നുണ്ട്.അവയിൽ പലതും,യഥാർത്ഥ ജീവിതത്തിലും ഇങ്ങനെയൊക്കെയാണ് എന്നുള്ളതാണ് രസകരമായ കാര്യം. ഉദാഹരണത്തിന്, അപ്പന്റെ അലമാരയിൽ, നല്ല ഷീറ്റുകൾ ഇരിക്കുന്നത് കണ്ടിട്ട്, 'ഇതൊക്കെ ഇവിടെ കൊണ്ട് വച്ചിരിക്കുകയാണല്ലേ' എന്നുള്ള കൊച്ചുമോന്റെ ഡയലോഗ്. ഗിന്നസ് എന്ന പേര് കിട്ടിയത് കൊണ്ടു ഗിന്നസ്സ് റെക്കോർഡ് നേടാൻ ആഗ്രഹിച്ചു നടക്കുന്ന മറ്റൊരു കൊച്ചു മകനും ഒക്കെ തിയേറ്ററിൽ ചിരി പടർത്തിയിരുന്നു. ആ പേരിന്റെ പിന്നിലും ഒരു ചിരിയ്ക്കുള്ള വകയുണ്ട്. അതറിയാൻ സിനിമ കാണുക.

ഇത്തരം കൊച്ചു കൊച്ചു നർമ മുഹൂർത്തങ്ങൾ ഉള്ളപ്പോൾ തന്നെ, ഒരു കുടുംബജീവിതത്തിൽ വരുന്ന, പ്രശ്നങ്ങളെയും പ്രതിസന്ധികളെയും പറ്റിയും, ആ കുടുംബാംഗങ്ങൾ അതിനെ അതിജീവിക്കുന്നതിനെ പറ്റിയും കൂടി ഈ സിനിമ പറയുന്നുണ്ട്. അത്തരം സന്ദർഭങ്ങളിൽ നാട്ടുകാരുടെ പ്രതികരണത്തിൽ തുടങ്ങി ബന്ധപ്പെട്ടവരുടെ ചൂഷണം വരെ വളരെ റിയലിസ്റ്റിക് ആയിട്ടു പറയുമ്പോഴും അതിനെ ഒരു ലൈറ്റർ വേർഷൻ ആയി കോമഡി രീതിയിൽ പറഞ്ഞു പോവുന്ന മേക്കിങ് ആണ് ഇതിന്റെ സംവിധായകൻ ചെയ്തിരിക്കുന്നത്.ക്ലൈമാക്സ് പ്രെഡിക്റ്റബിൾ ആയിരിക്കുമ്പോഴും, തുടക്കം മുതൽ ഒടുക്കം വരെ ഒരുപാട് മോറലുകൾ പ്രേക്ഷകർക്കായി മാറ്റി വെച്ചാണ് സിനിമ അവസാനിക്കുന്നതും.

സുഹാസിനി മണിരത്നം,ഗംഗ മീര, സരസ ബാലുശ്ശേരി, രാധ ഗോമതി,അന്നു ആന്റണി, അരുൺ കുര്യൻ, അബു സലിം, ജോണി ആന്റണി, ബേസിൽ ജോസഫ്,ശരത് സഭ,വിനീത് ശ്രീനിവാസൻ, അരിസ്റ്റോ സുരേഷ്,റോഷൻ മാത്യു തുടങ്ങിയവർ പ്രധാന വേഷത്തിൽ എത്തുന്ന ചിത്രത്തിൽ, കൊച്ചു പ്രേമൻ,ഹണി റോസ്, രഞ്ജിനി ഹരിദാസ് എന്നിവർ അതിഥി വേഷത്തിൽ എത്തുന്നുണ്ട്. ശ്രീ. കൊച്ചുപ്രേമന്റെ അവസാനമായി അഭിനയിച്ച സിനിമയും കൂടിയാണ് ഇത്.

മിഥുൻ മുരളി എഡിറ്റിംഗ് നിർവഹിച്ചിരിക്കുന്ന ചിത്രത്തിന്റെ ഛായാഗ്രാഹകൻ ആനന്ദ് സി ചന്ദ്രനാണ്. സച്ചിൻ വാര്യർ ബിജിഎമ്മും സംഗീതവും നിർവഹിച്ചിരിക്കുന്ന ചിത്രം ഗാനങ്ങളാലും സമ്പുഷ്ടമാണ്. ചിത്രത്തിലെ മനോഹരമായ ക്ലൈമാക്സ് ഗാനത്തിന്റെ വരികൾ കൈതപ്രത്തിന്റെതാണ്. തോമസ് തിരുവല്ലയും വിനോദ് ഷൊർണൂരും ചേർന്ന് നിർമ്മിച്ചിരിക്കുന്ന ചിത്രം വിതരണത്തിന് എത്തിച്ചിരിക്കുന്നത് സിഎൻസി സിനിമാസും തോമസ് തിരുവല്ല ഫിലിംസും ചേർന്നാണ്.

2023 ഏപ്രിൽ എട്ടിന് തീയറ്റർ റിലീസ് ആയിരുന്നു സിനിമ, ഡിസ്നി+ ഹോട്ട്സ്റ്റാർ എന്ന ഒടിടി പ്ലാറ്റ്ഫോമിൽ കാണാവുന്നതാണ്.

കൂട്ടുകുടുംബത്തിന്റെ ഇമ്പവും മനോഹാരിതയും വിളിച്ചോതുന്ന, ആ കൂട്ടുകുടുംബത്തിലെ എല്ലാവരും ചേർന്ന മനോഹരമായ ഫ്രെയിമിൽ അവസാനിക്കുന്ന, റിപീറ്റ് വാച്ച് വാല്യൂ അനുഭവപ്പെട്ട നല്ലൊരു ഫീൽ ഗുഡ് ഫാമിലി മൂവിയാണ്, 'പൂക്കാലം'.